**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 668** **09-06-2021 - ൽ മറുപടിയ്ക്ക്**

**ജൽ-ജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ ഗ്രാമീണ ജനതക്ക് നൂറ് ശതമാനവും ഗുണമേന്മയുള്ള പൈപ്പ് വെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ളം ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൽ-ജീവൻ മിഷൻ വഴി 2020-21-ൽ എത്ര പേർക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്; അതിൽ എത്ര പേർക്ക് കണക്ഷൻ നൽകി; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ജല ജീവൻ പദ്ധതിയുടെ 2020-21 വാർഷിക പദ്ധതി പ്രകാരം 21.42 ലക്ഷം ഗ്രാമീണ കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. അതിൽ 404464 കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. |
| (സി) | ഈ പദ്ധതിക്കായി 2021-22-ൽ കേന്ദ്ര സർക്കാർ എന്ത് തുകയാണ് സംസ്ഥാനത്തിന് വകയിരുത്തിയിട്ടുള്ളത്; | (സി) | ജല ജീവൻ പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 1,804.59 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ഡി) | കണക്ഷൻ നൽകുന്ന കാര്യത്തിൽ കേന്ദ്രം നിശ്ചയിക്കുന്ന ടാർഗറ്റ് സംസ്ഥാനത്തിന് പൂർത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം മുതലാണ് ജലജീവൻ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയത്. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വർഷവും സംസ്ഥാനം നൽകേണ്ട കുടിവെള്ള കണക്ഷനുകളുടെ എണ്ണം കേന്ദ്ര സർക്കാർ നിശ്ചയിക്കുകയും അത് ജല ജീവൻ പദ്ധതിയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, ഇപ്രകാരം വാർഷിക പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ നിഷ്കർഷിച്ചിട്ടുള്ള കണക്ഷനുകൾ നൽകാവുന്ന തരത്തിൽ പൂർത്തിയായ കുടിവെള്ള പദ്ധതികൾ ലഭ്യമാവാത്ത സ്ഥലങ്ങളിൽ പുതിയതോ, |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ പുരോഗമിക്കുന്നതോ ആയ പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടിവരുന്നുണ്ട്. ആയതിനാൽ അത്തരം പദ്ധതികളുടെ പൂർത്തീകരണത്തിലുണ്ടാകുന്ന തടസ്സങ്ങളും, കാലതാമസവും ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതമാവുന്നുണ്ട്. ഇതിനുപുറമെ റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കൽ, റയിൽവേ ഉൾപ്പെടെ മറ്റുവകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാകുന്നതിലെ കാലതാമസം, കോവിഡ് മഹാമാരി, പൈപ്പുകളുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും വിദഗ്ധ തൊഴിലാളി കളുടെയും ദൗർലഭ്യം, തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലേയ്ക്കും നിയമസഭയിലേയ്ക്കും നടന്ന തിരഞ്ഞെടുപ്പ് സമയത്ത് പ്രാബല്യത്തിൽ ഉണ്ടായിരുന്ന മാതൃകാ പെരുമാറ്റച്ചട്ടങ്ങൾ മുതലായ കാരണങ്ങളാൽ വാട്ടർ കണക്ഷൻ നൽകുന്ന കാര്യത്തിൽ കേന്ദ്രം നിശ്ചയിച്ചിരുന്ന ടാർഗറ്റ് സംസ്ഥാനത്തിന് പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ